# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2020 ഓഗസ്റ്റ് 4

# വാർത്താക്കുറിപ്പ്

## ബി.എ.എം.എസ്. പ്രാക്ടിക്കൽ, വൈവ പരീക്ഷ

2020 ഫെബ്രുവരിയിൽ നടന്ന തേർഡ് പ്രൊഫഷണൽ ബി.എ.എം.എസ്. മേഴ്സി ചാൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവ പരീക്ഷ ഓഗസ്റ്റ് ആറ് മുതൽ തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/789/2020)

## എം.ജി. ബിരുദ പ്രവേശനം; ഏകജാലക രജിസ്ട്രേഷൻ ഓഗസ്റ്റ് 17 വരെ നീട്ടി

മഹാത്മാഗാന്ധി സർവകലാശാലയിലെ അഫിലിയേറ്റഡ് കോളജുകളിൽ ബിരുദ പ്രവേശനത്തിന് എകജാലകം (ക്യാപ്) വഴി ഓഗസ്റ്റ് 17 വരെ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. www.cap.mgu.ac.in എന്ന വെബ്സൈറ്റിലൂടെയാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. ഓഗസ്റ്റ് 17ന് വൈകിട്ട് നാലുവരെ ഓൺലൈനായി ഫീസടച്ച് രാത്രി 11.55 വരെ രജിസ്റ്റർ ചെയ്യാം. വിശദമായ പ്രവേശന ഷെഡ്യൂൾ ക്യാപ് വെബ്സൈറ്റിലും സർവകലാശാലയുടെ ഫേസ്ബുക്ക് പേജിലും ലഭിക്കും.

(പി.ആർ.ഒ/39/790/2020)

## വെബിനാർ 14ന്

ബിരുദത്തിനുശേഷം ഉപരിപഠനത്തിന് തയാറെടുക്കുന്ന വിദ്യാർഥികൾക്കായി മഹാത്മാഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ

സംഘടിപ്പിക്കുന്ന വെബിനാർ ഓഗസ്റ്റ് 14ന് മൂന്നിന് നടക്കും. കോഴ്സുകളെക്കുറിച്ചും ജോലിസാധ്യതകളെക്കുറിച്ചും വിവരങ്ങൾ ലഭ്യമാകും. താൽപര്യമുള്ളവർ ഓഗസ്റ്റ് 11ന് വൈകിട്ട് അഞ്ചിനകം 0481 2731025 എന്ന ഫോൺ നമ്പരിൽ രജിസ്റ്റർ ചെയ്യണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 150 പേർക്കാണ് അവസരം.

(പി.ആർ.ഒ/39/791/2020)

# സെനറ്റ് തെരഞ്ഞെടുപ്പ്; സ്വീകാര്യമായ നാമനിർദേശ പത്രിക പട്ടിക

മഹാത്മാഗാന്ധി സർവകലാശാലയിലെ സെനറ്റ് വിദ്യാർഥി പ്രതിനിധി, സ്റ്റുഡന്റ്സ് കൗൺസിൽ തെരഞ്ഞെടുപ്പിന്റെ സ്വീകാര്യമായ നാമനിർദ്ദേശപത്രികകളുടെ പട്ടിക പ്രസിദ്ധീകരിച്ചു. സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/792/2020)

# എം.ജി. സർവകലാശാല അക്കാദമിക് കൗൺസിൽ യോഗം സെപ്റ്റംബർ ഏഴിന്; വീഡിയോ കോൺഫറൻസിലൂടെ

മഹാത്മാഗാന്ധി സർവകലാശാല അക്കാദമിക് കൗൺസിലിന്റെ യോഗം സെപ്റ്റംബർ ഏഴിന് രാവിലെ 10ന് നടക്കും. വീഡിയോ കോൺഫറൻസിലൂടെയാണ് യോഗം നടക്കുക. യോഗത്തിൽ പ്രമേയം അവതരിപ്പിക്കാൻ ആഗ്രഹിക്കുന്ന അംഗങ്ങൾക്ക് ഓഗസ്റ്റ് 17നകം രജിസ്ട്രാർക്ക് നൽകാം. യോഗത്തിൽ പങ്കെടുക്കാനുള്ള ലിങ്ക് അംഗങ്ങൾക്ക് ലഭ്യമാക്കും.

(പി.ആർ.ഒ/39/793/2020)

# എം.ജി. സർവകലാശാല കണ്ടെയിൻമെന്റ് സോണിൽ; സന്ദർശകരെ അനുവദിക്കില്ല

കോവിഡ് 19 വ്യാപനത്തെത്തുടർന്ന് മഹാത്മാഗാന്ധി സർവകലാശാല സ്ഥിതിചെയ്യുന്ന അതിരമ്പുഴ പഞ്ചായത്തിലെ 10-ാം വാർഡ് കണ്ടെയ്ൻമെന്റ് സോണിലായതോടെ കാമ്പസിൽ സന്ദർശകർക്ക് പൂർണവിലക്ക് ഏർപ്പെടുത്തി. കണ്ടെയിൻമെന്റ് സോണിൽ നിന്ന് ഒഴിവാക്കപ്പെടും വരെ സന്ദർശകരെ അനുവദിക്കില്ല. സോൺ തുടരും വരെ ആവശ്യത്തിന് ജീവനക്കാരെ മാത്രം നിയോഗിച്ച് സർവകലാശാല പ്രവർത്തനം നടത്തുമെന്ന് ഉത്തരവിൽ പറയുന്നു.

ഓഫീസിൽ ഹാജരാകാത്ത ജീവനക്കാർ 'വർക് ഫ്രം ഹോം' വ്യവസ്ഥയിൽ ഡി.ഡി.എഫ്.എസ്. ഫയൽസംവിധാനത്തിലടക്കം

ഓൺലൈനായി ജോലികൾ നിർവഹിക്കണം. അടിയന്തര ജോലികൾക്കായി മേലുദ്യോഗസ്ഥൻ ആവശ്യപ്പെട്ടാൽ സർവകലാശാലയിൽ ഹാജരാകണം. അടിയന്തര ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് ഉറപ്പുവരുത്താൻ ബ്രാഞ്ച് ഓഫീസർമാരെ ചുമതലപ്പെടുത്തി. ജോയിന്റ് രജിസ്ട്രാർമാർക്കാണ് മേൽനോട്ട ചുമതല. സെക്യൂരിറ്റി, പ്ലംബിംഗ്/ഇലക്ട്രിക്കൽ വിഭാഗം, ഹെൽത്ത് സെന്റർ എന്നീ വിഭാഗങ്ങൾ ആവശ്യാനുസരണം ഓഫീസിലെത്തണം. സിറ്റാഡ്/സീടെക്സ് വിഭാഗങ്ങളിലെ ജീവനക്കാർ ആവശ്യപ്രകാരം ഹാജരാകണം. ഫോൺ അന്വേഷണങ്ങൾക്കും അടിയന്തര ഫയലുകൾ സ്വീകരിക്കുന്നതിനുമായി ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കും. കണ്ടെയിൻമെന്റ് സോണിൽനിന്ന് പ്രദേശം ഒഴിവാക്കപ്പെടുന്നതുവരെ മാർഗനിർദേശം നിലനിൽക്കും

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ